



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

(01.10.2018-31.03.2019)

ജില്ല - കോഴിക്കോട്

ബ്ലോക്ക് - വടകര

ഗ്രാമപഞ്ചായത്ത്- ഒഞ്ചിയം

വാർഡ്-9(വല്ലതും കുന്ന് )

## ആമുഖം

ഗ്രാമീണ ജനതയുടെ ഉന്നമനത്തിനായി സ്വതന്ത്രഭാരതത്തിൽ ആവിഷ്കരിച്ച ഏറ്റവും സുപ്രധാനവും ശക്തവുമായ നിയമമാണ് മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. ഇന്ത്യയിലെ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെൻറ് അംഗീകരിച്ച്, പ്രസിഡൻറ് ഒപ്പുവച്ച 2005 സെപ്റ്റംബർ മാസം അഞ്ചാം തീയതി മുതൽ ഈ നിയമം നിലവിൽ വന്നു.

ഇന്ത്യയിലെ ഗ്രാമീണ ജനതയുടെ ഉന്നമനത്തിനായി നിരവധി ഗ്രാമവികസന പദ്ധതികൾ നടപ്പിലാക്കിയിരുന്നുവെങ്കിലും ഗുണഫലം ശരിയായവിധത്തിൽ ജനങ്ങളിൽ എത്താതിരുന്നതിനെ തുടർന്ന് പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പ്രാഥമിക ലക്ഷ്യം ഒരു ഗ്രാമീണ കുടുംബത്തിന് നിയമംവഴി ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ ഉറപ്പുനൽകുകയെന്നതാണ്. ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുന്നതിനും അതിലൂടെ ദാരിദ്ര്യ നിർമാർജ്ജനവും സുസ്ഥിര വികസനവും ആണ് ഈ നിയമത്തിന്റെപ്രാധാന ലക്ഷ്യം. ചൂഷണങ്ങളിൽ നിന്നും തൊഴിലാളികളെ മോചിപ്പിക്കുകയും മാന്യമായ വേതനം നൽകി അവരുടെ കുടുംബത്തിന് ക്രയ ശേഷി വർദ്ധിപ്പിച്ച് ദാരിദ്ര്യത്തിൽ നിന്നും കരകയറാൻ തൊഴിലുറപ്പുപദ്ധതിയിലൂടെ കഴിയുന്നു. പ്രകൃതിവിഭവ പരിപാലനത്തിലൂടെ ഓരോപ്രദേശത്തിന്റെയും വിഭവാടിത്തറ ശക്തമാക്കുകയും, അതിലൂടെ വരൾച്ച, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, വനനശീകരണം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്നും സംരക്ഷണം നൽകുകയും അതിലൂടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും പദ്ധതി പ്രവർത്തനങ്ങളിൽകൂടി കഴിയുന്നു. പ്രകൃതിവിഭവ പരിപാലനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ജലസംരക്ഷണവും അതിൻറെ സുരക്ഷിതത്വവും ഇവ തൊഴിലുറപ്പ് പ്രവർത്തനങ്ങളിൽ ഉറപ്പ് വരുത്തുവാൻ കഴിയുന്നു.

2018-ൽ കേരളം ഏറ്റവും വലിയ പ്രളയദുരന്തം ഏറ്റുവാങ്ങിയ നാടാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പ്രളയം വളരെയധികം ദുരന്തങ്ങൾ ഉണ്ടാക്കിയിട്ടുള്ളതാണ്. അതേ കേരളം തന്നെയാണ് മാർച്ച് മാസത്തോടുകൂടി ശക്തമായ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നത്. ഈ അവസരത്തിലാണ് എത്രയോ നൂറ്റാണ്ടുകളായി നാം നിർമ്മിച്ച കിണറുകൾ, കുളങ്ങൾ എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നത്. ജല സുരക്ഷയെ കുറിച്ച് ചിന്തിക്കുമ്പോൾ അതിനുവേണ്ട വലിയ സാങ്കേതിക വിദ്യയെ കുറിച്ചാണ് നാം ആദ്യം ചിന്തിക്കുക. തൊഴിലുറപ്പുപദ്ധതി നമുക്ക് പ്രധാനമായും കാണാൻ കഴിയുന്ന ഒരു വസ്തുതയാണ് മഴക്കുഴികൾ. ഇവയുടെ നിർമ്മാണ പ്രവൃത്തി കളിൽ തൊഴിലാളികൾ കൂടുതലായും ശ്രദ്ധ ചെലുത്തിയാൽ ഭൂഗർഭജലത്തെ അളവിനെ നമുക്ക് നല്ല രീതിയിൽ ഉയർത്തുവാൻ സാധിക്കുന്നു. പ്രധാനമായും മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ജലസംരക്ഷണത്തിനും ജലസംഭരണത്തിന് കാര്യമായ രീതിയിൽ തന്നെ ബാധിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി തൊഴിലുറപ്പ് ബന്ധപ്പെടുത്തി കാർഷിക പദ്ധതികൾ ജനങ്ങളിലെത്തിക്കൽ, കാർഷികോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കൽ, തരിശുഭൂമികളിലും സ്വകാര്യ ഭൂമിയിലും പൊതുസ്ഥാപനങ്ങളിലും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കൽ, എന്നിവ നടത്തിവരുന്നു. പഞ്ചായത്തിലെ വിവിധ തോടുകളിൽ തടയണ നിർമ്മിക്കുകയും, കുളങ്ങൾ, പടുതാക്കുളം, നീർക്കുഴി, കയ്യാല നിർമാണം, കിണർ റീചാർജ്ജിങ് തുടങ്ങിയവഴി ജലസംരക്ഷണവും ഉറപ്പുവരുത്തുന്നു. ഇങ്ങനെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളായ ജനങ്ങൾക്ക് തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നു.

നിയമമനുസരിച്ചുള്ള പദ്ധതി നിർവഹണത്തിലൂടെ ഗ്രാമീണമേഖലയുടെ സുസ്ഥിര ആസ്തി വികസനം എന്നതാണ് ലക്ഷ്യം വെക്കുന്നത്. 2005-ൽ പ്രാബല്യത്തിൽ വന്ന നിയമമനുസരിച്ച് ഇന്ത്യയിലെ 200 ജില്ലകളിൽ പ്രഥമഘട്ടത്തിൽ നടപ്പിലാക്കുകയും 2008-ൽ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. അതനുസരിച്ച് കോഴിക്കോട് ജില്ലയിലും പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുകയും ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

## ഒഞ്ചിയംഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്തെ അക്ഷാംശം 11 ഡിഗ്രി എട്ടിനും രേഖാംശം 75 ഡിഗ്രി 33 നും ഇടയിൽ 900 ഹെക്ടർ വിസ്തൃതി ഇൽ കിടക്കുന്ന പഞ്ചായത്താണ് ഒഞ്ചിയം. വടക്ക് അഴിയൂർ ഏറാമല പഞ്ചായത്തുകൾ തെക്ക് ചോറോട് പഞ്ചായത്ത് കിഴക്ക് ഏറാമല പഞ്ചായത്ത് പടിഞ്ഞാറ് അറബിക്കടൽ എന്നിവയാണ് പഞ്ചായത്തിൻറെ അതിരുകൾ. ആകെ17വാർഡുകൾ കോഴിക്കോട്ജില്ലയിൽവടകരബ്ലോക്കിൽഉൾപ്പെടുന്നഒഞ്ചിയംഗ്രാമപഞ്ചായത്ത്നല്ല രീതിയിൽതൊഴിലുറപ്പ്പ്രവർത്തനങ്ങൾഏറ്റെടുത്ത്നടത്തുന്നു.പദ്ധതിനടത്തിപ്പിനായിബ്ലോക്ക്തലത്തിൽബ്ലോക്ക്ഡെവലപ്മെന്റ്ഓഫീസർ,JBDO,അക്രഡിറ്റഡ്എന്ജിനിയർ,അക്കൌണ്ടന്റ്&ഡാറ്റാഎൻട്രിഓപ്പറേറ്റർഎന്നിവരുംപഞ്ചായത്ത്തലത്തിൽസെക്രട്ടറി,അസി.സെക്രട്ടറി,അക്രഡിറ്റഡ്എന്ജിനിയർ,ഓവർസിയർ,അക്കൌണ്ടന്റ്&ഡാറ്റാഎന്ട്രിഓപ്പറേറ്റർഎന്നിവരുംഅവരുടെസേവനംഈപദ്ധതിക്കേണ്ടിനല്കുന്നു.2018-19സാമ്പത്തികവർഷത്തിൽ30130തൊഴിൽദിനങ്ങൾഈപദ്ധതിയിലൂടെപഞ്ചായത്ത്സൃഷ്ട്ടിക്കുകയുംഒരുകുടുംബത്തിനു100തൊഴിൽദിനങ്ങൾനല്കുകയുംചെയ്തിട്ടുണ്ട്.3916തൊഴിൽകാർഡ്ഉടമകൾഉണ്ടെങ്കിലും1313തൊഴിലാളികളെതൊഴിൽചെയ്യാറുള്ളു.. കഴിഞ്ഞസാമ്പത്തികവർഷംപുതുതായി120കുടുംബങ്ങൾപദ്ധതിയിൽഅംഗങ്ങളായി.16ആസ്തികൾസൃഷ്ടിച്ചപ്രവർത്തികൾകഴ്ഞ്ഞസാബത്തികവർഷംതൊഴിലുറപ്പിlude

| | |
|---|---|
| ജില്ല | കോഴിക്കോട് |
| ബ്ളോക്ക് | വടകര |
| വിസ്തീർണ്ണം | 8.33 ച.കി.മീ |
| വാർഡുകളുടെഎണ്ണം | 17 |
| ജനസംഖ്യ | 28650 |
| പുരുഷൻമാർ | 13224 |
| സ്ത്രീകൾ | 15246 |

| | |
|---|---|
| പട്ടികജാതി | 393 |
| സ്ത്രീ : പുരുഷഅനുപാതം | 116.6:100 |
| പട്ടികവർഗ്ഗം | ഇല്ല |
| | |
| | |

**തൊഴിലുറപ്പ്സംബന്ധിച്ചവിവരങ്ങൾ**

| **വിവരങ്ങൾ** | **ജില്ലാ തലം** | **ബ്ലോക്ക്തലം** | **പഞ്ചായത്ത്തലം** |
|---|---|---|---|
| സൃഷ്ടിച്ചതൊഴിൽദിനങ്ങൾ | 83.05(ലക്ഷം) | 186891 | 30130 |
| കുടുംബങ്ങൾക്കുനൽകിയിരിക്കുന്നശരാശരിതൊഴിൽദിനങ്ങൾ(ലക്ഷം) | 57.58 | 34.3 | 22.95 |
| 100ദിനങ്ങൾപൂർത്തീകരിച്ചകുടുംബങ്ങൾ | 38300 | 246 | 1 |
| ആകെതൊഴിലെടുത്തകുടുംബങ്ങൾ | 1.44(ലക്ഷം) | 6071 | 1313 |
| ആകെതൊഴിലെടുത്തതൊഴിലാളികൾ | 1.6(ലക്ഷം) | 6419 | 1364 |

**മുഖ്യ ലക്ഷ്യങ്ങൾ**

- അവിദഗ്ദ്ധ-കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം, ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.
- ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.

- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.
- പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## സവിശേഷതകൾ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ്പൂർത്തിയായ എതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം.
- പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൌകര്യ വികസനം എന്നിവയ്ക്കു മുൻഗണന.
- തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടെത്തുകആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാനും അവസരം
- ആസൂത്രണത്തിലും, നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.
- ബാങ്ക്/പോസ്റ്റ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന.
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു.(സോഷ്യൽ ഓഡിറ്റ് സംവിധാനം)
- പരാതിപരിഹാര സംവിധാനം

## തൊഴിലാളികളുടെ കടമകൾ

1. കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി ഒപ്പ് വയ്ക്കുക.
2. തൊഴിലുറപ്പ് ഗ്രാമസഭയ്ക്ക് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയും കൃത്യമായി പങ്കെടുക്കുക
3. പണിസ്ഥലത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കത്തിക്കുവാനും പാടുള്ളതല്ല
4. സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവൃത്തി യുടെ ആരംഭഘട്ടത്തിൽ തന്നെ നിർബന്ധമായും വയ്ക്കേണ്ടതാണ്
5. പ്രകൃതി സംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തി കൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
6. ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ കണ്ടെത്തി മേറ്റ്നെയും പഞ്ചായത്ത് അധികൃതരെയും അറിയിക്കുക.

## സോഷ്യൽ ഓഡിറ്റ് പ്രക്രിയ

### 1 പശ്ചാത്തലം ഒരുക്കൽ

ബ്ലോക്ക് തലത്തിലും ഗ്രാമ പഞ്ചായത്ത് തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് ഓഫീസർ (BDO), പഞ്ചായത്ത് സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർ പ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു.

### 2. ഫയൽ പരിശോധന

സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചിരിക്കുന്ന തിയതിയ്ക്ക് മുൻപുള്ള ആറ് മാസക്കാലയളവിൽ വാർഡിലെ പ്രവൃത്തി ഫയലുകൾ, ഏഴ് രജിസ്റ്ററുകൾ, അതോടൊപ്പം അനുബന്ധരേഖകളും സൂക്ഷ്മപരിശോധന നടത്തുന്നു.

### 3. പ്രവൃത്തി സ്ഥലപരിശോധന

ഓരോ പ്രവൃത്തി യും എസ്റ്റിമേറ്റിൽ പ്രതിപാദിക്കുന്ന അളവിലും ഗുണത്തിലും നടപ്പിലാക്കിയിട്ടുണ്ടോ എന്നും ആ പ്രവൃത്തിയുടെ ഗുണ ഫലത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തുകയും പ്രസ്തുത തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് ലഭിക്കേണ്ട അവകാശ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നുംപ്രവൃത്തി സ്ഥല പരിശോധനയിലൂടെ ലക്ഷ്യം വെക്കുന്നു.

**4. വീടുവീടാന്തരം ഉള്ള വിവരശേഖരണം**

പദ്ധതി ഗുണഭോക്താക്കളുടെ വീടുവീടാന്തരം ചെന്ന് നേരിൽ കണ്ട് പദ്ധതിയുടെ നിർവഹണത്തെക്കുറിച്ചും ഗുണ ഫലത്തെക്കുറിച്ചുമുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നു.

**5. തെളിവ് ശേഖരണം**

ഫയൽ പരിശോധന, പ്രവൃത്തി സ്ഥല പരിശോധന, വീടുവീടാന്തരം ഉള്ള വിവരശേഖരണം തുടങ്ങിയ ഓഡിറ്റ് പ്രക്രിയ കണ്ടെത്തലുകളുടെ വസ്തുനിഷ്ഠമായ തെളിവ് ശേഖരണം നടത്തുന്നു.

**6. സാമൂഹ്യ ബോധവൽക്കരണം**

സാമൂഹ്യ ഇടപെടലുകളിലൂടെ പദ്ധതി വിജയം ഉറപ്പു വരുത്തി പൗരാവബോധം ഉയർത്തുകയും സോഷ്യൽ ഓഡിറ്റ് പ്രക്രിയ വിജയിപ്പിക്കുകയും ചെയ്യുന്നതിന് ആവശ്യമായ ബോധവൽക്കരണം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

**7. റിപ്പോർട്ട് തയ്യാറാക്കൽ**

സോഷ്യൽ ഓഡിറ്റ് പ്രക്രിയയിലെ കണ്ടെത്തലുകളും നിഗമനങ്ങളും, നിർദ്ദേശങ്ങളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ചർച്ച ചെയ്ത് അംഗീകാരം നടത്തുന്നതിനാവശ്യമായ കരട് റിപ്പോർട്ട് തയ്യാറാക്കുന്നു.

**8. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ**

പശ്ചാത്തലം ഒരുക്കൽ ചർച്ചയിൽ നിശ്ചയിക്കപ്പെട്ട ദിനത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഗ്രാമസഭ ചേർന്ന് കരട് റിപ്പോർട്ട് അവതരണവും, ചർച്ചയും, നിർദ്ദേശങ്ങളും, തിരുത്തൽ പ്രക്രിയകളും, അംഗീകാരം നേടിയെടുക്കുകയും തുടർനടപടികളും കൈകൊള്ളുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് വേണ്ട ആനുകൂല്യങ്ങളെ കുറിച്ചും അതുമായി ബന്ധപ്പെട്ട ആവശ്യകതയെക്കുറിച്ചും നിയമത്തിന്റെ ആമുഖത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. തൊഴിലാളികളുടെയും അവരുടെ ആനുകൂല്യങ്ങളുടേയും കുറിച്ച് ഒരു തനതായ വിശദീകരണം ഈ റിപ്പോർട്ട് മുഖാന്തരം തൊഴിലാളികളായ നിങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കും. ഈ റിപ്പോർട്ട് അടിസ്ഥാനത്തിൽ നിങ്ങൾക്ക് പ്രാപ്തമാക്കാൻ കഴിയുന്ന ഒട്ടനവധി വസ്തുതാപരമായ കാര്യങ്ങൾ കൈവരിക്കാൻ നിങ്ങൾക്ക് ഏവർക്കും കഴിയട്ടെ.

**തൊഴിലുറപ്പ് നിയമം തൊഴിലാളികൾക്ക് ഉറപ്പ് നൽകുന്ന പത്ത് അവകാശങ്ങൾ**

1. തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം- ഷെഡ്യൂൾ 2; ഖണ്ഡിക 1-5, എ.എം. സി. അദ്ധ്യായം-3
2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് രസീത് ലഭിക്കുന്നതിനും ഉള്ള അവകാശം- ഷെഡ്യൂൾ 1; ഖണ്ഡിക 8, ഷെഡ്യൂൾ 2; ഖണ്ഡിക 6-13

3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികം ലഭിക്കുവാനുള്ള അവകാശം
6. കുടിവെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം ഷെഡ്യൂൾ 2; ഖണ്ഡിക 23-28
7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം
8. വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

അവകാശങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികളിൽ നിന്നും ചോദിച്ചറിഞ്ഞ വിവരങ്ങൾ.

**തൊഴിൽ കാർഡ്**

സജീവ തൊഴിലാളികൾക്കെല്ലാം തന്നെ പുതിയ തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺ സന്ദർശിച്ച തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചത്, എല്ലാവരും തൊഴിൽ കാർഡിലേക്ക് ആവശ്യമായ ഫോട്ടോ സ്വന്തമായി പൈസ ചെലവഴിച്ച് എടുക്കാറുള്ളതായാണ്. തൊഴിൽ കാർഡിനാവശ്യമായ ഫോട്ടോ പഞ്ചായത്ത് തന്നെ എടുത്ത് നൽകേണ്ടതാണ്. എന്നാൽ പഴയ തൊഴിൽ കാർഡിൽ ലേക്ക് ഉള്ള ഫോട്ടോ പഞ്ചായത്തിൽ നിന്ന് ഫ്രീ ആയി എടുത്ത് കൊടുത്ത ആണെന്ന് അറിയാൻ കഴിഞ്ഞു. തൊഴിൽ കാർഡ് എന്തൊക്കെ പൂരിപ്പിക്കണമെന്നും എഴുതണമെന്നും തൊഴിലാളികൾക്ക് വ്യക്തത കുറവുണ്ട്. തൊഴിൽ കാർഡ് എങ്ങനെ പൂരിപ്പിക്കണം എന്നതിനെ സംബന്ധിച്ചുള്ള ട്രെയിനിങ് നൽകുന്നത് ഗുണകരമായിരിക്കും.

**തൊഴിൽ അപേക്ഷ**

പൊതു പ്രവൃത്തികൾക്കായി തൊഴിലാളികൾ വ്യക്തിപരമായി അപേക്ഷ നൽകാറില്ലെന്ന് തൊഴിലാളികളിൽ നിന്നും മനസിലായി. 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു ഇല്ല എന്ന പരാതി ഉണ്ടെങ്കിലും ആരും തന്നെ തൊഴിൽ അപേക്ഷ നല്കാൻ ഇല്ല എന്ന് മനസിലാക്കാകഴിഞ്ഞു. തൊഴിൽ ഉണ്ടാകുന്ന സമയം പഞ്ചായത്ത് നിന്ന് തൊഴിലാളി കളെ അറിയിക്കൾ ആണ്.

**കൂലി/നഷ്ട പരിഹാരം**

തൊഴിലുറപ്പ് നിയമ പ്രകാരം പ്രവൃത്തി കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കേണ്ട അവകാശം തൊഴിലാളികൾക്ക് ഉണ്ട്. ഓഡിറ്റിന് വിധേയമാക്കിയ 2 പ്രവൃത്തികളുടെ വേതനം തൊഴിലാളികൾക്ക് ലഭ്യമായിട്ടുള്ളതായി ഫീൽഡ് പരിശോധനയിൽ മനസിലാക്കുവാൻ സാധിച്ചു എങ്കിലുംപ്രവൃത്തി കഴിഞ്ഞ് 15 ദിവസം പിന്നിട്ടതിനു ശേഷമാണ് വേതനം തൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ളത്. തൊഴിലാളികൾക്ക് നഷ്ട്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം ഉണ്ട്. തൊഴിലുറപ്പ് നിയമം സെക്ഷൻ 3(2),6 ഷെഡ്യൂൾ 2(29),a,b,c,d,e,f,30 പ്രകാരം പണി കഴിഞ്ഞ് 14 ദിവസത്തിനുള്ളിൽ കൂലി ലഭ്യമാക്കേണ്ടതാണ്. കൂലി വൈകിയതിനുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. തൊഴിലാളികൾക്ക് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ചെയ്തിട്ടുണ്ട്. ഇത് പ്രശംസനീയമാണ്.

**തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ**

കുടിയ്ക്കുവാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷാ സൗകര്യം, ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭ്യമാക്കണമെന്ന് തൊഴിലുറപ്പ് നിയമം

ഷെഡ്യൂൾ 2 para 23-28, കേന്ദ്ര വാർഷിക മാസ്റ്റർ സർക്കുലർ 8, 8.2 അനുശാസിക്കുന്നുണ്ട്. തൊഴിലാളികളുമായി നേരിട്ട് നടത്തിയ സംഭാഷണത്തിനിടയിൽ പ്രവൃത്തിസ്ഥലങ്ങളിൽ കുടിക്കുവാൻ ഉള്ള വെള്ളത്തിന്റെ പാത്രം, ഷെൽറ്റർ സൗകര്യം ലഭിച്ചിട്ടില്ലഎന്നാണ്അറിയാൻകഴിഞ്ഞ്ത്.പ്രഥമശുശ്രൂഷകിറ്റുമറ്റ്സ്വൊന്തംകയ്യിൽനിന്ന്പൈസഎടുത്തുവാങ്ങിയതാണ്എന്ന്മനസിലായി.ബില്ല്പഞ്ചായത്തിൽകൊട്ത്ത്എങ്കിലുംപൈസകിട്ടിയില്ല.എന്ന്മനസിൽ ആയി.6വയസിനുതാഴെകുട്ടികൾഇല്ലാത്തതിനാൽഅവിടെക്രഷ്ന്റെ ആവശ്യംഇല്ലായിരുന്നു.

**ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം**

ഷെൽൽ ഫ് ഓഫ് പ്രോജെക്റ്റിൽ വാർഡ് ഗ്രാമ സഭ കളിൽ നടത്താൻ ഉണ്ടെന്നും അതിൽ ചില തൊഴിലാളികൾ പങ്കെടുക്കാൻ ഉണ്ടെന്നും മനസിലായി. അല്ലാതെ മറ്റു രീതിയിൽ ആസൂത്രണം ഒന്നും നടക്കൽ ഇല്ലെന്നു മനസിലായി.

**5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശം**

തൊഴിലുറപ്പ്നിയമം ഷെഡ്യൂൾ 2 para 18, കേന്ദ്രവാർഷികസർക്കുലർ ചാപ്റ്റർ 17 എന്നിവയിൽ തൊഴിലാളികൾക്ക് 5 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭ്യമാകണം എന്ന് അനുശാസിക്കുന്നു. വാർഡിലെ മുഴുവൻ തൊഴിലാളികൾക്കും 5 കിലോമീറ്ററിനുള്ളിൽതന്നെ തൊഴിൽ ലഭിക്കുന്നുണ്ടെന്ന് തൊഴിലാളികളിൽ നിന്ന്അറിയുവാൻ സാധിച്ചു.

**സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം**

തൊഴിലാളികൾക്ക് പലവിധ പരാതികൾ ഉണ്ടെങ്കിലും ഇത് വരെ യതൊരു പരാതിയും രേഖാമൂലം പഞ്ചായത്തിന് നൽകിയിട്ടില്ല.

**സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം**

തൊഴിലുറപ്പ്നിയമം സെക്ഷൻ 17(2) സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം നൽകുന്നു. പ്രസ്തുത വാർഡിൽ ഓഡിറ്റ് നടത്തുന്നതിനായി പ്രത്യേക കമ്മിറ്റി നിലവിലുണ്ടെന്ന് ഫീൽഡ് പരിശോധനയിൽ മനസ്സിലായി. കമ്മിറ്റി അംഗങ്ങൾ ഫീൽഡ് പരിശോധന നടത്താറില്ല എന്നാണ് അറിയുവാൻ സാധിച്ചത്.

**പ്രവൃത്തി വിശദാംശങ്ങൾവാർഡ് 9**

ഒഞ്ചിയം പഞ്ചായത്തിലെ വാർഡ് 9 ലെ (വല്ലതും കുന്ന്)1/10/2018 മുതൽ 31/3/2019 വരെ ഉള്ള 2 പ്രവർത്തി ഫയൽ കൾ ആണു സോഷ്യൽ ഓഡിറ്റ് ണു വേണ്ടി തിരഞ്ഞെടുത്തത്. ഈ കാലയളവിൽ നടത്തിയ പ്രവർത്തികൾ ക്ക് ആയി 1570 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. Avidathagtha വേതന ഇനത്തിൽ 434167 രൂപ യും പ്രവർത്തിക്കു വേണ്ടി ചിലവാക്കി. ഖഡിക 1579 തൊഴിലാളികൾ. ആകെ ചിലവ് 389380. കമ്പോസ്റ്റു ആകെ ചിലവ് 51512

1. Wc/294753 ഖണ്ടക 5 ഇൽ ഉൾപ്പെട്ട കുടുംബങ്ങളുടെയും ചെറുകിട നാമമാത്ര കർഷകരുടെ ഭൂമികളിൽ മണ്ണ് ജലസംരക്ഷണം പ്രവർത്തി,

2.RS/293577കംബോസ്സ്കുഴി&സൊകെജപീറ്റ്നിർമാണം

ഒഞ്ചിയംപഞ്ചായത്തിലെ 9ആം വാർഡ് സോഷ്യൽ ഓഡിറ്റ് നടത്തിയത്.

* WC/ 294753 ഖണ്ഡിക 5ൽ ഉൾപ്പെട്ട കുടുംബങ്ങളുടെയും നാമമാത്ര

കർഷകരുടെയും ഭൂമികളിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ.

* RS/293577 കംബോസ്സ് കുഴി & സൊകെജ  പീറ്റ്  നിർമാണം

WC/294753വണ്ഡികട5ൽഉൾപ്പെട്ടകുടുംബങ്ങളുടെയുംനാമമാത്രകർഷകരുടെയുംഭൂമികളിൽമണ്ണ്ജലസംരക്ഷണപ്രവർത്തികൾ.

WC/294753വണ്ഡികട5ൽഉൾപ്പെട്ടകുടുംബങ്ങളുടെയുംനാമമാത്രകർഷകരുടെയുംഭൂമികളിൽമണ്ണ്ജലസംരക്ഷണപ്രവർത്തയുടെ  എസ്റ്റിമേറ്റ് നാലുലക്ഷം തൊഴിൽദിനം 1400, 38 93 80 ചിലവായ തുക.ഫീൽഡ് പരിശോധന  നടത്തിയ സമയത്ത് ഇതേ പ്രവർത്തി ഈ ഫീൽഡ് നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഈ പ്രവർത്തി 31 ഭൂവുടമകളുടെ വീട്ടിലാണ് ചെയ്തത്.ഈ പ്രവർത്തിയിൽ ചിലർ തൊഴിലാളികൾ തന്നെയായിരുന്നു ഭൂവുടമകൾ. മറ്റു ഭൂവുടമകൾ ഒരു ദിവസത്തെ ഒപ്പിടുകയും അന്ന് തൊഴിൽ പങ്കാളിയാവുകയും ചെയ്തിട്ടുണ്ട്. പ്രവർത്തിച്ച സ്ഥലങ്ങൾ പൂർണമായും കാടുപിടിച്ചത് മഴകാരണം നശിപ്പിച്ചതും ആണ്.ഈ  വാർഡ് കരപ്രദേശവും എന്നാൽ ചിലയിടങ്ങൾ വയൽപ്രദേശം കൂടിയാണ്. അതു കൊണ്ട് തന്നെ ഇവിടെ  ഉയർന്ന പ്രദേശങ്ങളിൽ ഈ പ്രവർത്തി വളരെ ആവശ്യവും ആണ്. ചെയ്ത കര പ്രദേശങ്ങളിൽ ജലക്ഷാമം നന്നേ കുറവുണ്ട് എന്ന് ഭൂവുടമസ്ഥരിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ ഈ പ്രവർത്തി വയൽ പ്രദേശങ്ങളിൽ ചെയ്തതായി കണ്ടിട്ടുണ്ട്. വയൽ പ്രദേശങ്ങളിൽ ഇത്തരം പ്രവർത്തിയുടെ ആവശ്യകത ഇല്ലെന്ന് പറഞ്ഞു. വരമ്പ് നിർമാണം എന്നതിന്റെ പ്രധാന ലക്ഷ്യം ജലം സംഭരിക്കുക എന്നതാണ്. അതു കൊണ്ട് തന്നെ വയൽപ്രദേശത്ത് ഈ പ്രവർത്തിയുടെ ആവശ്യം വരുന്നില്ല. ജലക്ഷാമംനന്നേ കുറവുണ്ടെങ്കിലും പ്രവർത്തി കാട് പിടിച്ചും, മഴ കാരണവും നശിച്ച് പോയിട്ടുണ്ട്. ഉദ്ദേശഫലം ലഭിച്ചെങ്കിലും പ്രവർത്തി കുറഞ്ഞത് 3 വർഷമെങ്കിലും നിലനിൽക്കണം.  കാട് പോകുക സ്ഥലം വൃത്തിയാവാൻ എന്നിവ ഉദ്ദേശിച്ചാണ് പലരും ഭൂമികളിൽ തൊഴിൽ ചെയ്യാൻ സമ്മതിക്കുന്നതെന്ന് മനസ്സിലായി. തൊഴിലാളികൾ അധിക പണി എടുക്കേണ്ടി വന്നിട്ടുണ്ട്.മറിയെടുക്കേണ്ട സ്ഥലത്തെ കാട് വൃത്തിയാക്കിയാണ് മറിയെടുത്തത്.തൊഴിലാളികളുടെ പ്രവർത്തിയിൽ ഭൂവുടമകൾ തൃപ്തരാണ് ആശയവിനിമയത്തിലൂടെ മനസ്സിലാക്കാൻ സാധിച്ചു ലഭിക്കുന്നില്ലെന്നാണ് തൊഴിലാളികളുടെ പ്രധാന പരാതി എന്നാൽ അവർ തൊഴിലിനുവേണ്ടി അപേക്ഷകൾ നൽകാറില്ല ഗ്രാമസഭകളിലെ ആസൂത്രണത്തിന് കുറച്ചുപേർ പങ്കാളികളാകുന്നു അല്ലെങ്കിൽ മറ്റൊരു രീതിയിൽ ഉള്ള ആശുപത്രികൾ ഒന്നും തന്നെ നടക്കുന്നില്ല. അതുപോലെതന്നെ വേതത്തിന് കാര്യത്തിൽ കാലതാമസം നേരിടുന്നുണ്ടെങ്കിലും പരാതികൾ ഒന്നും തന്നെ നൽകിയിട്ടില്ല. അവരുടെ അവകാശങ്ങളിൽ അവർ ബോധം ബോധവാന്മാർഅല്ല എന്ന് മനസ്സിലായി. നിലവിലെ വേതനത്തിൽ അവർ തൃപ്തികരമല്ലെന്നും അത് വർധിപ്പിക്കാനും അവർ ആവശ്യപ്പെട്ടത് സമയം കുറയ്ക്കുവാനും അവർ ആവശ്യപ്പെട്ടു. ഈ പ്രവൃത്തിയുടെ ബോർഡ് അച്യുതൻ പറമ്പത്ത് എന്ന് ആരുടെ പറമ്പിൽ കാണാൻ സാധിച്ചു. ഫസ്റ്റ് എയ്ഡ് ബോക്സ് മേക്കർ സൂക്ഷിക്കുകയും ആവശ്യമുള്ള സൈറ്റിൽ എത്തിക്കുകയും ചെയ്യുന്നു ഒരു  ഫീൽഡിൽ നിരവധി സൈറ്റുകൾ ഉണ്ടെന്നും പലതും പല ഭാഗങ്ങളിൽ ആയിരിക്കും. അതുകൊണ്ടുതന്നെ എല്ലാ സൈറ്റിലും ഇത് അനുവദിക്കാൻ തൊഴിലാളികൾ ആവശ്യപ്പെട്ടു. ഷെൽട്ടർ സംവിധാനം ഇവർക്ക് ലഭിച്ചിട്ടില്ല. അതുപോലെതന്നെ 5 വയസ്സിൽ താഴെ കുട്ടികൾ ആർക്കും തന്നെ ഇല്ലാത്തതിനാൽ ഇവിടെ ക്രഷ് ആവശ്യമില്ലെന്ന് മനസ്സിലായി.  തൊഴിലാളികൾക്ക് തൊഴിൽ സ്ഥലങ്ങളിൽ ഗ്ലൗസ്, മാസ്ക് തുടങ്ങിയ വേണമെന്ന് അവർ ആവശ്യപ്പെട്ടു അതുപോലെ തന്നെ പലപ്പോഴും തൊഴിൽ ചെയ്യാൻ കിട്ടുന്ന സ്ഥലങ്ങൾ കാട് പിടിച്ചത്  ആയിരിക്കും.

അവർക്കാവശ്യമായ ആയുധങ്ങൾ തൊഴിലാളികൾ തന്നെയാണ് കൊണ്ടുവരുന്നതിനും. കൊടുവാൾ തുടങ്ങിയ ആയുധങ്ങൾ ലഭിക്കണമെന്ന് അവർ ആവശ്യപ്പെട്ടു.തോട് വൃത്തിയാക്കാൻ പ്രവർത്തി വേണം എന്ന് അവർ ആവശ്യപ്പെട്ടു. ഫുഡ് പാത്തു നവീകരണം, കൃഷിചെയ്യ ചെയ്യൽ, അടുക്കള തോട്ട നിർമ്മാണം, തുടങ്ങിയ തൊഴിലുകൾ ചെയ്യണമെന്ന് അവർ ആവശ്യപ്പെട്ടു.തൊഴിലാളികൾ പണി ചെയ്യാൻ കിട്ടിയ സ്ഥലങ്ങൾ കാടുപിടിച്ച് ആണെന്നും അവ വെട്ടി മാറ്റിയ തൊഴിലാളികൾ വരും എടുക്കുന്നത് എന്ന് മനസ്സിലായി അതുകൊണ്ട് തന്നെ അവരെ ഇരട്ടി പണിയെടുക്കാൻ വന്നിട്ടുണ്ട് ഇത് പ്രശംസനീയമാണ്. ഭൂവുടമകൾ പലപ്പോഴും കാട് പോകുക എന്നത് എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തി ചെയ്യാൻ അനുവദിക്കുന്ന തൊഴിലാളികൾ അവരുടെ പ്രവർത്തി നന്നായി ചെയ്യിട്ടുണ്ടെന്ന് ഫീൽഡ് പരിശോധനയിൽ മനസ്സിലാക്കാൻ സാധിച്ചു.

Rs/293577 കമ്പോസ്റ്റ് കുഴി സോക്കേജ് പിറ്റ് നിർമ്മാണം

45 ഭൂവുടമകളുടെ വീട്ടിലാണ് ഈ പ്രവർത്തി ചെയ്യത് ആകെ 187കമ്പോസ്റ്റു കുഴി കുഴിച്ചത്.ഈ തൊഴിൽ മൂന്ന് സെമി സ്കിൽഡ് പ്രവർത്തി ചെയ്യിട്ടുണ്ട് 162അൺസ്കിൾഡി 8 സെമി സ്കിൽഡി സൃഷ്ടിച്ചു തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.അൺ സ്കിൽഡി വേതന ഇനത്തിൽ 162ദിവസത്തെക് 43902 രൂപയും സെമി സ്കിൽവേതന ഇനത്തിൽ 8 ദിവസത്തെക് 6800 രൂപ യും ചിലവാക്കി. രണ്ടുപേരാണ് സെമി സ്കിൽ പ്രവർത്തി ചെയ്യത്. ബാബു കമല. തുടങ്ങിയവർ ഫീൽഡ് പരിശോധനയിൽ മനസ്സിലാക്കാൻ സാധിച്ച കാര്യങ്ങൾ ഉടമകളുടെ അഭിപ്രായത്തിൽ ഇല്ലാത്തത് വളരെ നന്നായി ചെയ്യിരുന്നു. ഭൂവുടാമകൾ ഒരു ദിവസത്തെ ഒപ്പിടുകയും പ്രവർത്തി ചെയ്യുകയും ചെയ്യു ചില അധിക ദിവസം സഹായം ചെയ്യിട്ടുണ്ട്. ഒരു ദിവസത്തെ തൊഴിൽ എന്തായാലും എടുക്കണമെന്ന് തൊഴിലാളികൾ ഭൂവുടമകളുടെ ആവശ്യപ്പെട്ടിരുന്നു അതുകൊണ്ടുതന്നെ അവർ തൊഴിൽ ചെയ്യിട്ടുണ്ട്. ഇത് എസ്റ്റിമേറ്റ് തുക 7 5000ആണ്. ആകെ അൺ സ്കിൽഡ് വിഭാഗത്തിൽ

187 കമ്പോസ്റ്റ്. കുഴികളാണ് കുഴിച്ചു. ചിലത് ഒന്നും തന്നെ കാണാൻ സാധിച്ചില്ല. അതിൽ ചിലത് മണ്ണ് ഇടുകയും ചെയ്യിരുന്നു എന്നാൽ ഇപ്പോൾ പൂർണരൂപത്തിൽ അല്ലാത്ത യിരുന്നു. ഉണ്ടായിരുന്നു ചിലതിൽ മണ്ണിട്ടു ചിലതിൽ ജൈവമാലിന്യം നിറച്ച് അതിൽ ഭാഗത്തായി വാഴ, ചേമ്പ് തുടങ്ങിയ വെച്ചതായും കണ്ടു. ഇത് വയൽ പ്രദേശം

ആയതുകൊണ്ട് തന്നെ വെള്ളം നിറഞ്ഞ അവസ്ഥയിൽ ആയിരുന്നു ഒരു വീട്ടുടമ ഈ കുഴി വീട്ടിലെ വേസ്റ്റ് വെള്ളം പോകാൻ വേണ്ടി ഉപയോഗിച്ചു. ചിലർ കമ്പോസ്റ്റ് കുഴി മഴക്കുഴി ഉപയോഗിച്ചു എന്നാൽ ചിലർ ഇതിനെ ദുർവിനിയോഗം ചെയ്യിട്ടുണ്ട് ചിലർ ഒന്നിനും പ്രയോജനപ്പെടുത്തി ഇല്ല എന്ന് മനസ്സിലായി. അതുപോലെ ഈ പ്രവർത്തി പ്രധാനപ്പെട്ടതും പ്രവൃത്തിയുമായി സെമി സ്കിൽ കമ്പോസ്റ്റ് കുഴി നിർമ്മാണം പ്രവർത്തി മൂന്ന് വീടുകൾ ആണ് ചെയ്യത്. ശേഖര് വല്ലതും, പ്രഭകാരൻ തിരുവാതിര, ജയരാജൻ എന്നിവരുടെ സ്റ്റലതു ആയിരുന്നു. . ഒരു സ്റ്റലതു ഇത് ഒന്നിനും ഉപയോഗിക്കുന്നില്ല മറ്റൊരു സ്ഥലത്ത് വളയിട്ട ഉപയോഗിക്കുന്നു. വെള്ളം കെട്ടിനിൽക്കുന്നത് മുകൾ ടാർപ്പായ കെട്ടിയിട്ടുണ്ട് ചെറിയ പാകപ്പിഴ വന്നിട്ടുണ്ടെന്ന് വെള്ളം കെട്ടിനിൽക്കുന്ന ഉണ്ടെന്നും പരാതി പറഞ്ഞു എന്തായാലും ഉപയോഗപ്രദമാണ് ഇതോടെ ആവശ്യമായ മെറ്റീരിയൽ കുടുംബാംഗതൊഴിലിൽദിനങ്ങൾ

ആ പ്രവർത്തി സമയത്ത് മെറ്റീരിയൽ വർക്ക് ഉള്ള പൈസ കുടുംബത്തെ തന്നെ എടുക്കണം എന്ന് കൊണ്ടാണ് എൺപതോളം തൊഴിലാളികൾ ഇവിടെ തൊഴിൽ ചെയുന്നു. തൊഴിലാളികളുടെ എണ്ണം കൂടുതലാണ്.

60 വയസ്സിനു മുകളിൽ നിരവധിപേർ ഉണ്ട്. 850 നിരക്കിൽ 8 തൊഴിൽ ദിനങ്ങളാണ് സെമി സ്കിൽ ഇൽ രണ്ട് തൊഴിലാളികൾചെയ്യത്. ഈ പ്രവർത്തി ഒരു മീറ്റർ നീളം ഒരു മീറ്റർ വീതി ഒരു മീറ്റർ ആഴം എന്ന കണക്കിൽ ആണ് ചെയ്യത്. തൊഴിലാളികൾ അവരുടെ അവകാശവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു കൊടുക്കാൻ

ഫീൽഡ് പരിശോധന യിൽ പറഞ്ഞു കൊടുക്കാൻ സാധിച്ചു. ചെയ്ത പ്രവർത്തി നന്നായിട്ടുണ്ട് ഭൂവുടമകളിൽ നിന്ന് ആശയവിനിമയത്തിൽ മനസ്സിലാക്കാൻ സാധിച്ചു.

**1. കവർപേജ്**

പ്രവർത്തിയുമായി ബന്ധപ്പെട്ട പൊതുവിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണ് കവർപേജ്. പരിശോധിച്ചരണ്ട്പ്രവൃത്തി ഫയലുകൾക്കും കവർ പേജ് ഉണ്ടായിരുന്നു. എന്നാൽ എ എം സി പ്രകാരം ഉള്ള കവർ പേജ് ആയിരുന്നു ഇല്ല. . എ എം സി പ്രകാരം ഉള്ള കവർപേജുകൾ സൂക്ഷിക്കേണ്ടതുണ്ട് .

**ചെക്ക് ലിസ്റ്റ്**

ഒരു പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏത് പേജ് മുതൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച ഫയലുകളിൽ ഒന്നിലും ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചില്ല.

**ആക്ഷൻ പ്ലാൻ കോപ്പി**

പ്രസ്തുത പ്രവൃത്തി പഞ്ചായത്തിലെ നടപ്പു വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻ പ്ലാൻന്റെ കോപ്പി. പരിശോധിച്ച ഒരു പ്രവൃത്തി ഫയലുകളിലും ആക്ഷൻ പ്ലാനിന്റെ കോപ്പി കാണുവാൻ സാധിച്ചില്ല.

**എസ്റ്റിമേറ്റ്**

ഒരു പ്രവൃത്തി എങ്ങനെ, എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്. പരിശോധന ഭാഗമായി കണ്ടെത്തിയിട്ടുള്ളത് എല്ലാ പ്രവൃത്തി ഫയലുകളിലും എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ ജനകീയ ഭാഷയിൽ വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ. എന്നാൽ പരിശോധിച്ച് ഒരു ഫയൽ ഇൽ wc/294753 എന്ന ഫയൽ ഇൽ ജനകീയ എസ്റ്റിമേറ്റ് കാണാൻ സാധിച്ചു ഇല്ല. Rs/293577 എന്ന ഫയൽ ഇൽ ജനറൽ എസ്റ്റിമേറ്റ് കാണാൻ സാധിച്ചു. ഇത് ജനകീയ ഭാഷയിൽ ആണ് ഇത് പ്രശംസനീയ മാണ്. പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലെയും വിശദവിവരങ്ങൾ എസ്റ്റിമേറ്റിൽ പ്രതിപാദിച്ചിട്ടുണ്ട് എന്നത് പ്രശംസനീയമാണ്.

**സാങ്കേതികാനുമതി പത്രം**

ഒരു പ്രവൃത്തിക്ക് സാങ്കേതികവിദഗ്ദരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി രേഖ. പരിശോധിച്ച മുഴുവൻ ഫയലുകളിലും സാങ്കേതികാനുമതി രേഖ ഉണ്ടായിരുന്നു. സാങ്കേതികാനുമതി രേഖയിൽ ഒപ്പിടുന്ന സാങ്കേതികവിദഗ്ദർ അതിനോടൊപ്പം ഒപ്പിട്ട തീയതി കൂടി ചേർക്കേണ്ടതുണ്ട് അതിനാൽഇക്കാര്യത്തിൽപ്രത്യേക ശ്രദ്ധപുലർത്തേണ്ടതാണ്.

**ഭരണാനുമതി രേഖ**

പ്രവൃത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ ഈ രേഖ എല്ലാ ഫയലുകളിലും സൂക്ഷിക്കേണ്ടതാണ്.Rs/293577 എന്ന പ്രവൃത്തി ഫയലുകളിലും ഭരണാനുമതി രേഖ ഉണ്ടായിരുന്നില്ല .wc/294753 എന്ന ഫയൽ ഇൽ കാണാൻ സാധിച്ചു. പ്രസിഡന്റ് ന്റെ ഒപ്പ് സീൽ എന്നിവ കാണാൻ സാദഹിച്ചില്ല. സീൽ, ഒപ്പ് എന്നിവയോടൊപ്പം ഡേറ്റ് കൂടി ചേർക്കാൻ ശ്രദ്ദുലർത്തുക.

**ഡിമാൻഡ് ഫോം**

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോം. തൊഴിൽ ആവശ്യപെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ ജോലി നൽകിയോ എന്നറിയുവാൻ സഹായിക്കുന്ന രേഖകൂടിയാണ് ഡിമാൻഡ് ഫോം. പരിശോധിച്ച ഫയലിൽ ഒരു ഫയലിൽ പോലും ഡിമാൻഡ് ഫോം കാണാൻ സാധിച്ചില്ല.

## വർക്ക് അലോക്കേഷൻ ഫോം

പ്രവൃത്തി അനുവദിച്ചുകൊണ്ട് നിർവഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലൊക്കേഷൻ ഫോം. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ പ്രവൃത്തി ലഭിച്ചോ എന്നറിയാൻ ഈ ഫോം സഹായിക്കും എന്നാൽ ഒരു പ്രവൃത്തികളുടെ ഫയലിൽ പോലും ഈ ഫോം കാണാൻ സാധിച്ചില്ല.

## മസ്റ്റർ റോൾ

തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്താൻ ഉള്ള രേഖയാണ് മസ്റ്റർ റോൾ. മസ്റ്റർ റോളുകളിൽ ബി ഡി ഒ., സെക്രട്ടറി എന്നിവർ തീയതി വച്ച് ഒപ്പ്,സീൽഎന്നിവ പതിപ്പിക്കേണ്ടതാണ്. മാസ്റ്റർ റോളിൽ എം-ബുക്ക് നമ്പർ എഴുതി ചേർക്കേണ്ടതുണ്ട്.പരിശോധനവിധേയമാക്കിയപ്രവൃത്തിഫയലിൽWC/294753എന്ന പ്രവൃത്തിക്ക്മാസ്റ്റർറോൾഇൽഒപ്പ്,സീൽഉണ്ടായിരുന്നു.തിയ്യതിഉണ്ടായിരുന്നുഇല്ല.എം ബുക്ക്നമ്പർഇല്ല.Rs/293577എന്നഫയൽഇൽ10അൺസ്കിൽഡ്മാസ്റ്റർറോൾ1സ്കിൽഡ്/ സെമിസ്കിൽഡ്മാസ്റ്റർറോൾകാണാൻസാധിച്ചു.ബദ്ധപ്പെട്ടഉദ്യോഗസ്ഥർഒപ്പ്,സീൽഉ ണ്ടായിരുന്നുഎങ്കിലുംതിയതിഇലയിരുന്നു.എംബുക്ക്നമ്പർരേഖപെടുത്തിയില്ല.സെ മിസ്കിൽഡിമാസ്റ്റർറോൾ2തൊഴിലാളികൾബാബു,കമലഎന്നിവർആണ്തൊഴിൽ ചെയ്തത്.2പേരും8തൊഴിൽദിനങ്ങൾ 4ദിവസം6800രൂപവേതനത്തിൽചെയ്തു.

## മെഷർമെന്റ് ബുക്ക്

ഒരു പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയെന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെന്റ് ബുക്ക്.പരിശോദിചഫയൽ ഇൽഎം ബുക്ക് കാണാൻ സാധിച്ചു.

## വേജ് ലിസ്റ്റ്

മസ്റ്റർ റോളിന് ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കാനുള്ള ആധികാരിക രേഖയാണ് വേജ് ലിസ്റ്റ്. പരിശോധിച്ച ഫയലുകളിൽ വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല

## ഫണ്ട് ട്രാൻസ്ഫർ ഓർഡർ

മസ്റ്റർ റോളിനും, വേജ് ലിസ്റ്റിനുംആനുസരിച്ച് തൊഴിലാളിക്ക് വേതനം കൈ മാറിയോ എന്ന് ഉറപ്പാക്കാനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. പരിശോധിച്ച ഒറ്റ ഫയലുകളിൽ പോലും ഫണ്ട് ട്രാൻസ്ഫർ ഓർഡർ കാണുവാൻ സാധിച്ചില്ല.

## ഫോട്ടോഗ്രാഫ്

ഒരു പ്രവൃത്തി തുടങ്ങുന്നതിനു മുൻപും, പ്രവൃത്തി നടന്നുകൊണ്ടിരികുമ്പോഴും, പ്രവൃത്തി പൂർത്തിയായതിനുശേഷവുമുള്ള മൂന്ന് ഘട്ടത്തിലുള്ള ഫോട്ടോ പ്രവൃത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പരിശോധിച്ച ഒറ്റ ഫയലുകളിലുംഒരു ഘട്ടത്തിലെയും ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതോടൊപ്പംജിയോ ടാഗ്ഗ്ഡ് ഫോട്ടോ ഗ്രാഫ്ഒരു ഫയലിലുംഉണ്ടായിരുന്നില്ല.

## പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവൃത്തി പൂർത്തീകരിച്ചു എന്നതിന്റെ രേഖയാണ് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം. എന്നാൽ പൂർത്തീകരിച്ച ഒരു പ്രവൃത്തിയുടെയും ഫയലിൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

## മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്

ഒരു പ്രവൃത്തിയുടെ ഓരോ ഘട്ടത്തിന്റെയും മസ്റ്റർ റോൾ അനുവദിച്ച് തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തീയതികളിൽ നടന്നു എന്ന് മനസ്സിലാക്കാനാണ് മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്. എന്നാൽ പരിശോധിച്ച ഫയലുകളിൽ മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് ഉണ്ടായിരുന്നു.

മെറ്റീരിയൽ വോചർ &ബില്ല്

സാധന സാമഗ്റി കൾ ആവശ്യം ആയ പ്രവർത്തകൾക്ക് സാമഗ്രികൾ വിതരണം ചെയ്ത ബില്ല് കളും വോചർകളും സൂക്ഷിക്കണം.പരിശോധിച്ചാ wc/294253 എന്ന ഫയൽ ൽ കാണാൻ സാധിച്ചു. Rs/293577 എന്ന ഫയൽ കാണാൻ സാധിച്ചില്ല.

## സൈറ്റ് ഡയറി

പ്രവൃത്തി സ്ഥലത്തെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നതിന് വേണ്ടിയുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി. Rs/293577 എന്ന ഫയൽ ഇൽ ചെക്ക് ലിസ്റ്റ് രേഖപെടുത്തിയിട്ട് ഇലാ. തൊഴിലാളികളുടെ സാക്ഷ്യപത്രം, ചികിത്സാ സഹായം സംബന്ധിച്ച വിവരങ്ങൾ, തൊഴിലുപകരണങ്ങളുടെ വാടക സംബന്ധിച്ച വിവരങ്ങൾ, വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (വി.എം.സി.)വിവരങ്ങൾ എന്നിവ സൈറ്റ് ഡയറികളിൽ ഉണ്ടായിരുന്നില്. Rs/293577 എന്ന് ഫയൽ ഇൽ മാത്രമാണ് സന്ദർശനം നടത്തിയത്. ഉള്ളടക്കം പൂരിപ്പിച്ചു ഇലാ.

## റോസ്ഗർ ദിവസം

വാർഷിക മാസ്റ്റർ പ്ലാൻപ്രകാരം എല്ലാ പഞ്ചായത്തുകളിലുംറോസ്ഗർ ദിവസം ആചരിക്കണം എന്ന്നിഷ്കർഷിച്ചിട്ടുണ്ട്, എന്നാൽ ഒഞ്ചിയം പഞ്ചായത്തിൽറോസ്ഗർദിവസംആചരിച്ചതായി അറിയാൻ സാധിച്ചു.

## പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കേണ്ട 7 രജിസ്റ്ററുകൾ

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ അനുവദിച്ചതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

## തൊഴിൽ കാർഡ് രജിസ്റ്റർ

തൊഴിൽകാർഡ്രജിസ്റ്റർസൂക്ഷിച്ചിട്ടുണ്ട്.ക്രമനമ്പർ2054 മുതൽ 2260 വരെ9 ആംവാർഡിൽ206 തൊഴിൽകാർഡ്ലൽകിയിരുന്നതായികാണുന്നു.തൊഴിൽകാർഡ്രജിസ്റ്റർബന്ധപെട്ടഉദ്യോഗസ്ഥർസാക്ഷിപെടുത്തിയിട്ടില്ല.രജിസ്റ്റർസെക്രട്ടറിസാക്ഷ്യപ്പെടുത്തേണ്ടതുമാണു.

## ഗ്രാമസഭ രജിസ്റ്റർ

. ഗ്രാമസഭ രജിസ്റ്ററും മറ്റെല്ലാ രജിസ്റ്ററുകളും പോലെ തന്നെ സർട്ടിഫൈ ചെയ്തിട്ടില്ല. 15 - 16 മുതൽ 18 - 19 വരെയുള്ള ഗ്രാമസഭ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമസഭയുടെ വിശദമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധ പുലർത്തിയത് പ്രശംസനീയമാണ്

## വർക്ക് രജിസ്റ്റർ - പ്രവൃത്തികളുടെ ലിസ്റ്റ്, ചിലവ്, മറ്റ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ

. വർക്ക് രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതല്ല. രജിസ്റ്ററിൽ ഒരു പ്രവൃത്തിയുടെയും ആരംഭിച്ചതും അവസാനിച്ചതുമായ തീയതി രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ പ്രവർത്തി ആരംഭിച്ച അതിനയെും പ്രവർത്തി അവസാനിച്ചതിനു തീയതി ഉണ്ട് പ്രവർത്തി ആരംഭിച്ച തീയതി ഉണ്ട്. അവസാന തീയതി വാർഡ് തലത്തിലുള്ള വർക്ക് രജിസ്റ്റർ അല്ല സൂക്ഷിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രവർത്തികൾക്കും ഒരു വർക്ക് രജിസ്റ്റർ എന്ന നിലയ്ക്കാണ് സൂക്ഷിച്ചിട്ടുള്ളത്. കാലാനുസൃതമായി രജിസ്റ്ററുകൾ പുതുക്കി ട്ടുണ്ട് ഇത് പ്രശംസനീയമാണ്.

## സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ

എല്ലാ വാർഡിലെ പ്രവർത്തികൾക്കും ഒരുമിച്ചാണ് രജിസ്റ്ററിൽ കൊടുത്തിട്ടുള്ളത്. 84 പ്രവർത്തി വിവരങ്ങളാണ് രജിസ്റ്റർ രഖേപ്പടെുത്തിയിട്ടുള്ളത്. പതിവുപോലെ രജിസ്റ്ററും ഉത്തരവാദിത്വപ്പട്ടെ ഉദ്യോഗസ്ഥർ സർട്ടിഫൈ ചയ്െതിട്ടില്ല. വാർഡ് തലത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നത് കൂടുതൽ നന്നായിരിക്കും

## പരാതിരജിസ്റ്റർ

. പരാതി രജിസ്റ്റർ മറ്റ് രജിസ്റ്ററുകൾ പോലെ തന്നെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്യിട്ടില്ലാത്തതാണ്. 2013 മുതൽ 2019 വരയെുള്ള കാലയളവിൽ മൂന്ന് പരാതികളാണ് രജിസ്റ്റർ രഖേപ്പടെുത്തിയിട്ടുള്ളത്. പരാതി നൽകിയ തീയതി പരാതിക്കാരന് പരേും വിലാസവും പരാതിയിൽ സ്വീകരിച്ച നടപടി എന്നിവ രഖേപ്പടെുത്തിയിട്ടുണ്ട്. പരാതി തീർപ്പാക്കിയ ദിവസം രഖേപ്പടെുത്തിയിട്ടില്ല

## സിറ്റിൺ ഇൻഫർമേഷൻ ബോർഡ്

ഒരു പ്രവൃത്തി നടത്തിയ സ്ഥലം കൃത്യമായി മനസ്സിലാക്കാനും, പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് അത്യാവശ്യമാണ്. തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 22(4)ലും വാർഷിക മാസ്റ്റർ സർക്കുലർ ചാപ്റ്റർ

10(6), 11, 7, 13 എന്നിവയിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡിനെക്കുറിച്ച് പരാമർശിക്കുന്നു. ഓഡിറ്റിൻറെ ഭാഗമായി നടത്തിയ വർക്കുകളുടെ ഫീൽഡ് പരിശോധനയിൽ wc/294253 എന്ന പ്രവർത്തിയുടെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് അച്യുതൻ പറമ്പത്ത് എന്ന വ്യക്തി യുടെ പറമ്പിൽ കാണാൻ സാധിച്ചു. . Rs/293577 കംബോസ്റ്റ് കുഴി സൊകേജു പിറ്റ് നിർമണത്ന്റെ സിറ്റിസൺഇൻഫർമേഷൻ ബോർഡ് വിജയൻ തച്ചോളി വയൽ കുനി എന്നവ്യക്തി യുടെ വീട്ടിൽ കാണാൻ സാധിച്ചു.

## നിരീക്ഷണ പ്രശ്നപരിഹാര സംവിധാനം

തൊഴിലുറപ്പിന് 10 അവകാശങ്ങളിൽ ഒന്നായി സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം നിലനിൽക്കെത്തന്നെ പരാതികൾ പലവിധത്തിൽ ഉണ്ടെങ്കിലും ഈ അവകാശത്തെക്കുറിച്ച് തൊഴിലാളികൾക്ക് അവബോധം ഇല്ലാത്തതുകൊണ്ടും നാളിതുവരെ ഒരു പരാതിയും പഞ്ചായത്തിൽ രേഖാപരമായി സമർപ്പിച്ചിട്ടില്ല. . സൈറ്റ് സന്ദർശിക്കുന്ന ഉദ്യോഗസ്ഥരുടെ അടുത്ത് പരാതി വാക്കാൽ പറയുക മാത്രമാണ് ചെയ്തിട്ടുള്ളത്.പരാതി പരിഹാരത്തിന്ടോൾഫ്രീ 18004254536 എന്ന നമ്പരിൽ തൊഴിലാളികൾക്ക് ബന്ധപ്പെടാവുന്നതാണ്.

## ഗ്രാമസഭ - ചർച്ച, തീരുമാനങ്ങൾ

തൊഴിൽ കൃത്യമായരീതിയിൽആസൂത്രണംചെയ്യുവാനുംപറഞ്ഞുകൊടുത്തു.. തൊഴിൽആസൂത്രണത്തിൽതൊഴിലാളികളുടെപങ്കാളിത്തംവളരെകുറവാണെന്ന്മനസ്സിലായി.

തൊഴിൽസ്ഥലത്തെഷെൽട്ടർ,കുടിവെള്ളപാത്രംഇവർക്ക്ലഭിച്ചില്ല. ഫസ്റ്റ്എെഡുബോക്സ്മസൗകര്യംലഭിച്ചിട്ടുണ്ട്.ഇതിനുവേണ്ടിഅപേക്ഷനൽകാൻപറഞ്ഞു.ക്രഷ്സൗകര്യംആവശ്യമില്ലായിരുന്നു.ഒരുഫീൽഡിൽനിരവധിസൈറ്റുകൾഉണ്ടാകുംഒരുപാത്രമോഒരുഫസ്റ്റ്എയ്ഡ്ബോക്സോമതിയാവില്ലഎല്ലാസൈറ്റുകളിലുംഅത്അനുവദിക്കാൻകഴിയുമോഎന്ന്തൊഴിലാളികൾചോദിച്ചു.

തൊഴിൽവേതനവിതരണത്തിലെകാലതാമസത്തിന്നഷ്ടപരിഹാരംലഭിക്കാൻഅപേക്ഷനൽകാൻനിർദേശംനൽകി.

*തൊഴിൽആവശ്യപെടുന്നതിനും15ദിവസത്തിനുള്ളിൽതൊഴിൽലഭിക്കുവാനുംവേണ്ടിഅപേക്ഷനൽകാൻതീരുമാനിച്ചു.

*അവകാശങ്ങളെപറ്റിതൊഴിലാളികൾക്അറിവുണ്ടായിരുന്നില്ല.എല്ലാവർക്കും100പണികൾലഭ്യമാക്കാനുംആവർത്തിച്ചവരുന്നതൊഴിലുകൾക്പകരംവാർഡിന്ഗുണകരമാവുംവിധമുള്ളപ്രവർത്തികൾഏറ്റെടുത്തുചെയ്യാനുള്ളശ്രമംനടത്തുമെന്ന്തീരുമാനിച്ചുഇതിനുവേണ്ടിതൊഴിലാളികളോട്തൊഴിലുകൾകണ്ടെത്താൻഓവർസിയറിയർ

പറയുകയുണ്ടായി.അതുപോലെവാർഡ്ഗ്രാമസഭയിൽആക്ഷൻപ്ലാൻതയ്യാറാക്കുമ്പോഴുംതൊഴിൽആസൂത്രണംചെയ്യുന്നസമയത്തുംമുഴുവൻതൊഴിലാളികളുടെയുംപങ്കാളിത്തംഉണ്ടാവാൻആവശ്യപ്പെട്ടു.മെറ്റീരിയൽവർക്കുകളുംഓവർസിയർപരിച

യപ്പെടുത്തി.[കോഴിക്കൂട്ടിർമാണം,തീറ്റപ്പുൽകൃഷി,ഫുഡ്പ്പാത്ത്നവീകരണം,റോഡ്നവീകരണം]തുടങ്ങിയവ.

*തൊഴിൽവേതനംകൃത്യസമയത്ത്ലഭിക്കുന്നില്ലഅതിന്റെകാരണംഓവർസിയർപറഞ്ഞു.പഞ്ചായത്തിന്റെഭാഗത്ത്നിന്ന്ചെയ്യേണ്ടതെല്ലാംചെയ്തെന്ന്പറഞ്ഞുകൊടുത്തു.100തൊഴിൽദിനങ്ങൾകിട്ടുന്നില്ലഎന്നപരാതിക്ക്തൊഴിൽആസൂത്രണംവാർഡ്തലഗ്രാമസഭയിൽനടക്കുന്നുണ്ടെന്നുംഅതിൽപങ്കാളികളാവാനുംപറഞ്ഞു.

ഇതുവരെ9ആംവാർഡിൽ100തൊഴിൽദിനങ്ങൾആർക്കുംകിട്ടിയിട്ടില്ല.

*തൊഴിലാളികൾഅവരുടെതൊഴിൽസമയംകുറക്കണമെന്നുംതൊഴിൽവേതനംകൂട്ടണമെന്നുംആവശ്യപ്പെട്ടു.

റിപ്പോർട്ടിൽതൊഴിലിന്അപേക്ഷനൽകൽഇല്ലെന്ന്തൊഴിലാളികളിൽനിന്ന്മനസ്സിലാക്കി.

*ഓവർസിയർഅല്ലാതെമറ്റാരുംഫീൽഡ്പരിശോധനനടത്താറില്ലെന്ന്തൊഴിലാളികൾപരാതിപറഞ്ഞു.

*തൊഴിലുറപ്പ്തൊഴിലിൽറോഡ്നന്നാക്കാൻപറ്റുമോഎന്നസംശയംഉന്നയിച്ചു.

*കൃഷിചെയ്യാൻപറ്റുമോഎന്നസംശയവുംഅവർഉന്നയിച്ചു.

*റോഡ്സൈഡിലെകാടുവെട്ടിതളിക്കൽ,തുടങ്ങിയവ.ഇത്പഴയപ്രവർത്തികളായിരുന്നെന്നുംപിന്നീട്എടുത്ത്കളഞ്ഞതാണെന്നുംതിരികെകൊണ്ടുവരാൻപറ്റുമോഎന്ന്ചോദിച്ചു.

*തോടുവൃത്തിയാക്കുക എന്ന പ്രവർത്തി  വേണം എന്ന് ആവശ്യം പെട്ടു.

.

*ഉച്ചഭക്ഷണംസ്വൊന്തംവീട്ടിൽപോയികഴിക്കാൻപറ്റുമോഎന്ന്ഒരുതൊഴിലാളിചോദിച്ചു

*ഏതെങ്കിലുംഡ്രസ്സ്കോഡ്ഇതിനുഇടണോഷർട്ട്ഇടണംഎന്ന്നിർബന്ധംആണോന്ന്തൊഴിലാളിസംശയംചോദിച്ചു.ഇലാഎന്ന്മറുപടിപറഞ്ഞു.

*പ്രായംഉള്ളവർക്കുഎന്തെങ്കിലുംപരിഗണനഉണ്ടോന്നുതൊഴിലാളികൾചോദിച്ചു

*കിണർന്റെപണിചെയ്യാൻപറ്റുമോഎന്ന്ചോദിച്ചു.അതരംതൊഴിൽചെയ്യാമെന്ന്പറഞ്ഞു.കൂടെപരിചയമുള്ളസ്കിൽഡ്ഡിവർക്ക്തൊഴിലാളികളും ഉണ്ടാകുംഎന്നുംപറഞ്ഞു.

*തൊഴിലാളികളോട്തൊഴിൽആസൂത്രണസമയത്ത്അവരുടെപങ്കാളിത്തംഉണ്ടാവുവാനും,അപേക്ഷകൾപരാതികൾഎന്നിവനൽകാനും,മെമ്പർപറഞ്ഞു.

തീരുമാനങ്ങൾ

**1**.തൊഴിലാളികൾക്ക് തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ അത് ലഭിക്കുവാൻ വേണ്ടി അപേക്ഷ നൽകാൻ തീരുമാനിച്ചു

**2**.തൊഴിൽ അപേക്ഷിച്ചു തൊഴിൽ ലഭിച്ചില്ലങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കാനും തീരുമാനിച്ചു.

**3**. തൊഴിൽ ആസൂത്രണത്തിൽ പങ്കാളികളാവാനും വാർഡിന്റെ വികസനത്തിന് ആധാരമായ പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്യാനും തീരുമാനിച്ചു.

**4**. തൊഴിൽസൗകര്യങ്ങൾ വർധിപ്പിക്കാൻ അപേക്ഷകൾ നൽകാൻ തീരുമാനിച്ചു

**5**.ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തികൾ കണ്ടെത്താനും അവ കൂടുതലായി ചെയ്യാനും തീരുമാനിച്ചു

## നിർഹണ ഉദ്യോഗസ്ഥർക്കായുള്ള നിർദ്ദേശങ്ങൾ

### ബി. ഡി. ഒ.

- മസ്റ്റർ റോളിൽ ബി ഡി ഓ ഒപ്പും സീലും പതിപ്പിക്കുന്നതിനോടൊപ്പം തീയതി കൂടി ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- അക്കൗണ്ടൻറ്, ഡി. ഇ. ഒ . അക്രിഡിറ്റഡ് എൻജിനീയർ, ഓവർസിയർ മേറ്റുമ്മാർ എന്നിവർക്ക് അവരുടെ ചുമതലകളെ കുറിച്ചും ഉത്തരവാദിത്വങ്ങളെ കുറിച്ചും ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുന്ന പ്രവൃത്തികളെ കുറിച്ചും മതിയായ ട്രെയിനിങ് കൊടുക്കുക
- ബി ഡി ഓ കഴിയുന്ന സമയങ്ങളിൽ തൊഴിലാളികളെയും തൊഴിൽ സ്ഥലങ്ങളും സന്ദർശിക്കുന്നത് ഗുണകരമായിരിക്കും

### സെക്രട്ടറി / അസിസ്റ്റൻറ് സെക്രട്ടറി

- മസ്റ്റർ റോളിൽ ഒപ്പിനും സീലിനുംഒപ്പം തീയതി കൂടി ചേർക്കുവാൻ ശ്രദ്ധിക്കുക
- ഏഴു രജിസ്റ്ററുകൾ, എം. ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി ആധികാരികത ഉറപ്പു വരുത്തുക
- തൊഴിലാളികളുടെ അവകാശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് വെക്കുന്നതിനായുള്ള നടപടികൾ ചെയ്യുക
- ചികിത്സാചിലവുകൾ കൃത്യമായി അനുവദിക്കുവാൻ ഉള്ള നടപടികൾ സ്വീകരിക്കുക
- ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിക്കുന്ന വർക്കുകൾക്ക് അനുസൃതമായി ഷെൽഫ് പ്രൊജക്റ്റ് കണ്ടെത്തി വയ്ക്കുക
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക.

ആറുമാസത്തിലൊരിക്കൽ പുന:സംഘടിപ്പിക്കുകയും ചെയ്യുക

- തൊഴിലിട സൗകര്യങ്ങൾ ഉറപ്പ് വരുത്തുക
- എ എം. സി അനുസരിച്ചുള്ള ബി.എഫ്.റ്റി, സേവനങ്ങൾ പ്രയോജനപ്പെടുത്തുക. പേജ് 78,16 .1

**നിർവഹണ ഉദ്യോഗസ്ഥർ(**അക്കൗണ്ടൻറ്/ ഡി. ഇ. ഒ . അക്രിഡിറ്റഡ് എൻജിനീയർ, ഓവർസിയർ**)**

- വർക്ക് ഫയലുകളിൽ ആനുവൽ മാസ്റ്റർ സർക്കുലറിൽ പറയുന്ന പ്രകാരമുള്ള 22 ഡോക്യൂമെന്ററസ്ഉണ്ടെന്ന് ഉറപ്പ് വരുത്തി പ്രവൃത്തി ഫയൽ തയ്യാറാക്കുക
- സൈറ്റ് ഡയറി കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും മേറ്റ് മാർക്ക് നിർദേശം നൽകുക
- മസ്റ്റർ റോൾ തൊഴിലിടങ്ങളിൽ എത്തിച്ചു പ്രോജക്ട് ഇനീഷ്യേറ്റീവ് മീറ്റിംഗ് കൂടി പണി ആരംഭിക്കുന്നതിന് സഹായിക്കുക
- കൃത്യമായ ഇടവേളകളിൽ തൊഴിലിടം സന്ദർശിച്ച ചെയ്ത തൊഴിൽ അളന്ന് എം ബുക്കിൽ രേഖപ്പെടുത്തുക
- ഡിമാൻഡ് അനുസരിച്ച് തൊഴിൽ നൽകുക
- തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക

**മേറ്റ്**

- മസ്റ്റർ റോൾ കൃത്യമായി ഒപ്പ് വെപ്പിക്കുക
- ഹാജരാകാത്തവരുടെ വിവരം അടയാളപ്പെടുത്തുക
- മസ്റ്റർ റോളിൽ തൊഴിൽ ദിനങ്ങളുടെ തീയതി അടയാളപ്പെടുത്തുക
- സൈറ്റ് ഡയറി പൂർണ്ണമായും പൂരിപ്പിക്കുക
- തൊഴിൽ സൈറ്റുകളിൽ വെച്ച് അപകടം നടന്നിട്ടുണ്ടെങ്കിൽ സൈറ്റ് ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യുക
- നിശ്ചിത അളവിലും ഗുണനിലവാരത്തിലും ജോലി ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക

വാർഡിൽ നടപ്പിലാക്കാൻ പറ്റുന്ന പ്രവർത്തികൾ

- മത്സ്യ കൃഷി
- തോടുകളുടെ ആഴം കൂട്ടൽ
- മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പട്ടി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണം
- തീറ്റപ്പുൽ കൃഷി
- മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം
- മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (Chaur renovation)
- തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ

## തൊഴിലുറപ്പ്പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ

## I. വിഭാഗം എ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ

i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (Undergroud dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;

ii. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ(Terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ;

iii. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും ;

iv. ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;

v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, (ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്);

vi. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

## II. വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

i. ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് Scheduled Caste, Scheduled Tribe, Nomadic Tribe, De-Notified Tribe, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾ, സ്ത്രീകൾ ഗൃഹനാഥയായ കുടുംബങ്ങൾ, ഭിന്നശേഷിക്കാർ ഗൃഹനാഥരായ കുടുംബം, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾ, വനാവകാശ നിയമപ്രകാരമുള്ള ഗുണഭോക്താക്കൾ, മുകളിൽ പറഞ്ഞിരിക്കുന്ന കുടുംബങ്ങളല്ലാത്ത പക്ഷം, 2008-ലെ കാർഷിക കടാശ്വാസ നിയമ പ്രകാരമുള്ള ചെറുകിട-നാമമാത്ര കർഷകർ, ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (Farm Ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ

ii. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ;

iii. ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/ പാഴ്ഭൂമി (Fallow or Waste Land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;

iv. ഇന്ദിര ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം;

v. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പട്ടി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും;

vi. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളമുള്ള പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

## III. വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

i. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post-Harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;

ii. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക്ഷെഡ്ഡുകളുടെ നിർമ്മാണവും.

## IV. വിഭാഗം ഡി: ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്ലറ്റുകൾ, അങ്കണവാടി ടോയ്ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;

ii. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

iii. കളിസ്ഥലങ്ങളുടെ നിർമ്മാണവും;

iv. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (Chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുന:രുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

v. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;

vi. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ-ധാന്യ സംഭരണികളുടെ നിർമ്മാണവും;

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;

viii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികളും;

ix. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.